സർക്കുലർ

80/NSS/DHSE/2018 12/06/2018

**അന്തർദേശീയ യോഗാദിനാചരണം ജൂൺ 21**

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ നേതൃത്വത്തിൽ എല്ലാ എൻഎസ്എസ് യൂണിറ്റുകളും ജൂൺ 21 ന് യോഗാദിനം ആചരിക്കേണ്ടതാണ്. സംസ്ഥാനതല യോഗ ദിനാചരണം കൊല്ലം ജില്ലയിലെ വിമല ഹൃദയ ഹയർ സെക്കണ്ടറി സ്കൂളിൽ രാവിലെ **7 മുതൽ 8** വരെ സംഘടിപ്പിക്കുന്നു.

എൻഎസ്എസ് റീജണൽ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ അന്തർദേശീയ യോഗ ദിനാചരണം 2018 ജൂൺ 21 ന് രാവിലെ 8 മണിക്ക് പാലക്കാട് ഇൻഡോർ സ്റ്റേഡിയത്തിൽ സംഘടിപ്പിക്കുന്നു. പാലക്കാട് ജില്ലയിലെ 8 പ്രോഗ്രാം ഓഫീസർമാരും 400 ഹയർ സെക്കണ്ടറി എൻഎസ്എസ് വോളണ്ടിയർമാരും പ്രസ്തുത പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്.

യൂണിറ്റുതലത്തിൽ നടത്തേണ്ട പരിപാടികൾ

1. എല്ലാ യൂണിറ്റിലും രാവിലെ 8 മുതൽ യോഗ അഭ്യസിക്കേണ്ടതാണ്.
2. യോഗയുടെ പ്രാധാന്യത്തെക്കുറിച്ച് സെമിനാറുകൾ സംഘടിപ്പിക്കണം.
3. വിവിധ യോഗാരീതികളെ എൻഎസ്എസ് വോളണ്ടിയർമാർക്ക് ഹ്രസ്വ ചിത്രം/ഡോക്കുമെന്ററി വഴി പരിചയപ്പെടുത്താം.

എല്ലാ യൂണിറ്റുകളും യോഗാദിനം ആചരിക്കുന്നതുമായി ബന്ധപ്പെട്ട പരിപാടിയുടെ ഫോട്ടോയും ഹ്രസ്വവിവരണവും www.dhsenss.kerala.gov.in & rd.nsstvm-ker@gov.in അയയ്ക്കേണ്ടതാണ്.

ഒപ്പ്
ഡോ. ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ